# സുധാലഹരി.

CANCELLED

T61
M91

വിദ്വാൻ ജോസഫ് മുകളയിൽ.

# സുധാലഹരി.

വിദ്വാൻ ജോസഫ് മുകളയിൽ.

ഒന്നാം പതിപ്പ് കാപ്പി 1000.

[പകൎപ്പവകാശം സ്വായത്തം.]

സെൻറ് മേരീസ് പ്രസ്സ്
അതിരമ്പുഴ.

1114.

വില ചക്രം 5.

(ഗ്രന്ഥകൎത്താവിൻെറ മുദ്രയില്ലാത്ത പ്രതി
വ്യാജനിൎമ്മിതമാകുന്നു.)

XK60
T61
m91
DHARMARAM COLLEGE LIBRARY, BANGALORE. 4191

# മുഖവുര.

ഞാൻ പലപ്പോഴായി എഴുതിയിട്ടുള്ള ഏതാനും കൃതികളുടെ ഒരു സമാഹാരമാണ് ഈ ചെറുപുസ്തകം. ഇതിൽ ആദ്യമായി ചേർത്തിരിക്കുന്ന "മഹാരാജമംഗളം" 1107 തുലാമാസം 20-ാംനു നടന്ന നമ്മുടെ മഹാരാജാവു തിരുമനസ്സിലെ ഭരണാധികാരപ്രതിഷ്ഠാപനമഹോത്സവം സംബന്ധിച്ച് പത്തനംതിട്ടത്താലൂക്കകാർ സമർപ്പിച്ച "മംഗളമഞ്ജരി"യിൽ ചേർക്കുന്നതിനുവേണ്ടി എഴുതി അയച്ചുകൊടുത്തതാണ്. ഒൻപതാമതായി ചേർത്തിരിക്കുന്ന "പരസ്പരസഹായസംഘം" എന്ന കവിത 1102 കർക്കടകം 22-ാംനു നടന്ന നീണ്ടൂർ സെൻറ് മിഖായേൽ പരസ്പരസഹായസംഘത്തിന്റെ പ്രഥമ വാർഷികയോഗത്തിൽ ഞാൻ എഴുതി വായിച്ചതാണ്. "ഉൽഗതി" "കേരളസന്ദേശം" പത്രത്തിലും "കുഞ്ഞുങ്ങൾ" "പൗരപ്രഭ"യിലും "ഭക്തന്റെ ചിന്താഗതി" "വാത്സല്യവാർദ്ധിയിൽ" "അസൂയയോട്" "കടം" "ക്ഷമിക്കുക" എന്നീ കവിതകൾ "നസ്രാണിദീപിക"യിലും വളരെക്കാലം മുൻപുതന്നെ പ്രസിദ്ധീകരിച്ചവയത്രേ. ശേഷിക്കുന്ന "പുലർകാല"ത്തെപ്പററി വിശേഷവിധിയായി ഒന്നും പറയാനില്ല. ചിലപ്പോൾ, ചിലർമാത്രം, കണ്ടിരിക്കാനോ, കേട്ടിരിക്കാനോ ഇടയുള്ള

മേല്പറഞ്ഞ കവിതകളെല്ലാം പുസ്തകരൂപത്തിൽ പുനഃ പ്രസിദ്ധീകരിക്കുന്നതിൻെറ ഔചിത്യം അനുക്തസിദ്ധ മാണല്ലൊ. മാസികാപത്രങ്ങൾ മുഖാന്തരം പൊതുജന സമക്ഷം അവതരിപ്പിക്കപ്പെട്ടവയും, അല്ലാത്തവയുമാ യി ഒട്ടുവളരെ കൃതികൾ ഇനിയും എൻെറ "സാഹി ത്യ പേടക"ത്തിൽ സസുഖം വിശ്രമിക്കുന്നുണ്ടു്. മഹാ ജനങ്ങളുടെ ഉള്ളുഴിഞ്ഞുള്ള പ്രോത്സാഹനം ലഭിക്കുന്നപ ക്ഷം, അവയും ഇപ്രകാരം ഖണ്ഡംഖണ്ഡമായി അചി രേണ പ്രസിദ്ധീകൃതമാകുമെന്നു ഞാൻ വിശ്വസിക്കുന്നു. "സുധാലഹരീപ്രസ്ഥാന"ത്തിൽ എന്നെ ഹൃദയപൂർവ്വം സഹായിച്ച എല്ലാ സുഹൃത്തുക്കളോടും എനിക്കുള്ള കൃ തജ്ഞതയെ പ്രദർശിപ്പിച്ചുകൊണ്ടു് തല്ക്കാലം വിരമിച്ചു കൊള്ളുന്നു.

ഗ്രന്ഥകർത്താ.

കൈപ്പുഴ
20-11-1114.

# വിഷയാനുക്രമം.

S. H. SCHOLASTICATE
CHANGANACHERRY.
CHETHIPUZHA

1. മഹാരാജമംഗളം.
2. ഭക്തന്റെ ചിന്താഗതി.
3 കുഞ്ഞുങ്ങൾ.
4. ഉൽഗതി.
5. പുലർകാലം.
6. കടം.
7. അസൂയയോട്ട്.
8. വാത്സല്യവാർദ്ധിയിൽ.
9. പരസ്പരസഹായസംഘം.
10. ക്ഷമിക്കുക.

# സുധാലഹരി.

## 1.

### മഹാരാജമംഗളം.

S. H. SCHOLASTICATE, CHANGANACHERRY, CHETHIPUZHA.

ശ്രീവഞ്ചിക്ഷോണിമാതിൻപുരുസുകൃതഫലം
മുററുമീനാട്ടിലുള്ളോർ
ദൈവത്തിൻ പാദപത്മം തൊഴുതിടവെമുദാത
ന്നതങ്കപ്രകാണ്ഡം
ഭൂവെങ്ങും പേർവഹിക്കും യുവനൃപതി മഹാൻ
ശിഷ്ടനാകല്പകാലം
ശ്രീവായ്പോടിങ്ങു വാഴ്‌വാൻ ജനതസതതമ
ഭ്യർത്ഥനം ചെയ്തിടുന്നു.

ശ്രീചിത്രാതാരമേ! നീ ഭവികഭരയുതം; നിൻെറ
മാഹാത്മ്യമെന്നും
വാചാലന്മാർ പുകഴ്ത്തും നൃപതി ഗുണിവരൻ
നിന്നെ മാനിക്കമൂലം
പ്രാചീനന്മാർ മഹാന്മാർ ബഹുസുകൃതമഹോ!
ചെയ്കയാൽ ജാതനാം ന-
ല്ലാചാരം വാച്ച"രാമ" ക്ഷിതിപതിയെ
മുറയ്ക്കിങ്ങുപാസിക്കണം നീ.

വിദ്യാഭ്യാസം കഴിച്ചും ഭരണമുറകളേ വേ-
ണ്ടപോലുൾഗ്രഹിച്ചും
ഹൃദ്യാനേകം സ്ഥലം കണ്ടറിവു ബഹുവിധം നേടിയും
മോടിയോടേ
ഉദ്യാനത്തിൽ കിളിക്കും സുരവിടപിസമം പ്രോ
ല്ലസിക്കുന്നമന്ന—
ന്നദ്യാതുല്യം ശുഭം ചേർത്തിടുക കരുണപൂണ്ടീ
ശ്വരാ! കൈതൊഴുന്നേൻ.

രാജ്യത്തിൽ തിങ്ങിവിങ്ങും ജനതമുഴുവനും
വൻനിധിക്കൊപ്പമായി—
പ്രാജ്യാതുല്യാദരത്താലിതു പൊഴുതുധരിച്ചത്ര
വന്ദിപ്പതാരേ?
ത്യാജ്യാജ്ഞാനാന്ധകാരം സപദിഘൃണ കല
ന്നാട്ടിയോടിച്ചിദാനീം
പൂജ്യൻ തൽഭൂമിചേന്ദ്രൻ മഹിനഭസിവിള
ങ്ങുന്ന സൂര്യൻകണക്കേ!

പട്ടംകെട്ടിക്കഴിഞ്ഞിട്ടിതുവരെ മുറപോൽ വി
ദ്യനേടി ക്ഷണം നൽ—
ച്ചുട്ടത്തിൽ രാജ്യഭാരം സ്വകൃതിമണിവഹി
ക്കുന്നിതാത്തുഷ്ടിപൂർവ്വം,
മുട്ടാതാവൻ ദിനത്തെപ്രതി നിമിഷമഹോ!
സംപ്രതീക്ഷിച്ചലോക—
ക്കൊട്ടാകെത്തിങ്ങിവിങ്ങും പ്രമദമരുളുവാ
ൻ "ശേഷനും ശേഷിപോരാ"!!

ഈരാജ്യം പണ്ടുപണ്ടേ പ്രഥിത,മധികമാം രാജ
ഭക്തിക്കു; ദൈവം
നേരിൽ കാണുന്നതെന്നായ് ജനതനൃപതിയേ
പാർത്തു പൂജിച്ചിട്ടുന്നു!
പാരം ദൂരെക്കിടക്കും മനുജർ ചിലർ നൃപന്മാ
രെ മാനിച്ചിടാതി—
ന്നോരോമട്ടിൽ പഴിക്കെച്ചെവികൾ ബത!
തുളഞ്ഞെത്രനാം കേണിട്ടുന്നു!

ശ്രീവഞ്ചി"ക്കോണ" മൊന്നല്ല, ലഘുകുതുകം;
രണ്ടുതന്നേ നിനച്ചാൽ,
ധീവാഴ്ചും"മാബലീ"ന്ദ്രൻ വരുവതൊരുദിനം;
രാജജന്മർക്ഷമന്യം;
ഭാവിക്കുന്നൊന്നുപോൽ ത്താനിരുദിനവുമഹോ!
മോടിയായ്ത്തന്നെ ഘോഷി—
ച്ചാവോളം പ്രോല്ലസിക്കും ജനതമടിവെടി
ഞ്ഞെന്നു മാബാലവൃദ്ധം!

ചിത്രാനക്ഷത്രജാതൻ തിരുവടി മുടിവച്ചി
ട്ടുമാ, മാമഹത്തേ
പുത്രന്മാർ ചിന്തചെയ്വൂ നിരവധിനവമാ
മോണമൊന്നിച്ചതായ് താൻ!
അത്രാനല്ലം രസംവൂണ്ടിവർ വിവിധമിതിൻ
ഘോഷമൻപോട്ടു കൂട്ടാൻ
"തത്രപ്പെട്ടോ"ടിന്നു; വളരെവളരെ മുൻ
പായതിൻ യത്നമായീ!!

നാടെല്ലാം നാകമാക്കീ; പെരിയ തരമലങ്കാര
മെങ്ങും നടത്തീ;
കൂടെക്കൂടെത്തുടങ്ങീവെടികൾ; ബഹുവിധം
വാദ്യഘോഷം മുഴങ്ങീ;
ചാട്ടന്നുബാലവൃന്ദം; സുരയുവതികൾപോൽ
പാടിനാർ നാരിവർഗ്ഗം;
പാടേ ഭാവംപകർന്നു ജനതയിലുമഹോ! നാ
ട്ടിലും വീട്ടിലും ഭേകൾ!!

തല്ക്കാലം പത്രജാലം നൃപതിമഹിമതാൻ
കൂജനം ചെയ്തിട്ടന്നു
കേൾക്കാം വൻകാട്ടിലും ഹാ! പടഹസദൃശ
മായ് മംഗളാശംസതന്നേ!!
മുക്കാലല്ലോത്തിട്ടമ്പോൾ ധരണി മുഴുവനും
വഞ്ചിരാജ്യത്തു വാഴ്ത്തും—
നൽക്കാലത്തിൻമുഴക്കം തടവിബഹു
തരംഹന്ത! കമ്പിച്ചിട്ടന്നു!!

"ശ്രീവഞ്ചീശൻ, മഹാത്മൻ, മഹിതഗുണയുതൻ,
ചിത്തിരക്ഷ്മാപചന്ദ്രൻ,
ശ്രീവാഴ്ത്തും മട്ടനീണാൾ വിലസുകജനതക്കെ
ന്നു"മോണംകൊട്ടപ്പാ"ൻ;
ദേവേന്ദ്രൻ തോററിടട്ടേ; ബഹുലവിഭവ
നായ് തമ്പുരാൻ വാണിടട്ടേ;
ദൈവംതാനായ് വരാമോ? സുരതരുവര
നോ? കൂറെഴുംകോമളാംഗൻ!!

എന്നീമട്ടിൽ കവീന്ദ്രവ്രജമതുലമുദാകീർത്ത
നം ചെയ്യുകേട്ടി—
ട്ടൊന്നോടേലോകമെല്ലാമിളകിയഖില
രും മന്നനേനോക്കിടുന്നു!
കന്ദർപ്പൻ, വിഷ്ണു, ശക്രൻ ഗണപതി, ശിവ
നെന്നല്ലസൃഷ്ടാവുപോലും
കുന്നിക്കും വിസ്മയത്താലഹഹ! വിരലുടൻ
മൂക്കിൽവച്ചോർത്തിരിപ്പൂ!!

* * * * *

വഞ്ചിപ്പെണ്ണിനെയിന്നു ചിത്തിരന്നാ
ൾ പാണിഗ്രഹം ചെയ്യതാം
പഞ്ചാരക്കെതിർവാർത്തനാരദനാണ
ഞ്ഞെല്ലാരൊടും ചൊൽകയാൽ
വാഞ്ഛാഭാരമൊടംഗനാമണികൾ,ഹാ!രംഭാ
ദി,ഗാനം തക—
ത്തഞ്ചാതാകെയിളക്കിടുന്നുഗഗനം; നൃത്തം
നടത്തീ ചിലർ!!

വാനോർപുഷ്പസമൂഹമൻപൊടുപൊഴിച്ചീ
ടുന്നു; പാരം ശുഭം
മാനാതീതമഹത്വമാർന്നവരനോനേറിടുവാൻ
തക്കപോൽ
ഊനം വിട്ടവരങ്ങൾ മുത്തൊടുകൊടുത്തീടു
ന്നു; വാനും, പെരു—
ത്താനന്ദം, ധരണിക്കുതുല്യമധുനാക്രുത്താ
ടിമേളിക്കയാം!!

ധാത്രീവാസികൾമാത്രമല്ലെ,വിടെയോവാ
ഴുംസുരന്മാരുമി—
ന്നെത്രയ്ക്കും ദൃഢമായിഹൃത്തിൽനിന്നവാ
ന്നീടുംവിധംഭ്രമിപൻ,
ആത്മാനല്പഗ്ഗുണംവളർത്തി വിലസും ശ്രീരാ—
മചന്ദ്രോപമം;
"ചിത്രം! ചിത്ര!!"മിദം തദീയഭരണം ക
ണ്ടോരുമാർപ്പിട്ടിടും!!

* * * * *

ഗാത്രം മോഹനമോഹനം സുചരിതൻ; താ
നെന്നു പണ്ടേജനം
ഗോത്രയ്ക്കുള്ളിലറിഞ്ഞിടുന്നു; മതിതൻ
വൈശിഷ്ട്യമന്യാദൃശം;
ഗോത്രം പാവനപാവനം; വിബുധരും മാനി
ച്ചിടും വിദ്യയാൽ;
ചിത്രാതാരകനേതൃമട്ടമവനൌപാരം
പ്രശോഭിച്ചിടും;

ജ്ഞാനാംഭോനിധിയാകെ നീന്തിയഗ്ഗുരു
പ്രൗഢക്കുകീഴ്പെട്ടവി—
ജ്ഞാനംസർവ്വവുമുൾഗ്രഹിച്ച ഭരണം ചാ
ലേത്തുടന്നീടുവോൻ,
വീരാനല്പമനോഗ്ഗുണം വിളയുമീധാ—
ത്രീശവരൻതന്നിൽ നി—
ന്നീനാട്ടാർക്കുവരുംശ്ശുഭം നിരുപമം; സ
ന്ദേഹമെന്തിന്നിതിൽ!?

താതൻവിജ്ഞരിലഗ്രഗണ്യ; നറിവും സൗ
ശീല്യവുംവാച്ചിട്ടും
മാതാവാണവളത്തിവന്നതു; വളത്തീട്ട
ന്നതും സന്തതം;
ശ്രീതന്നേയവതാരമാൎന്നതിരുമെയ് പോററു
ന്നനാടാണടൻ
പൂതൻമന്നവനേററിട്ടന്നതു; ജയിച്ചീടാതി
രിക്കാദ്ഭവധം!!

സത്യം, നീതി, വിവേക, മൻവു, സമതാസൽ
ബുദ്ധി, സാരാശയം,
പ്രത്യക്ഷത്തിലിവണ്ണമത്യധികമായ് സൗശീ
ല്യമേന്തുംമഹാൻ,
മത്യന്തത്തെളിവോട്ടചിത്തിരനൃപൻ
നീണാൾവിളങ്ങീട്ടവാൻ
പ്രാൎത്ഥിച്ചീട്ടകമർത്ത്യരേ! സുകൃതികൾക്കെ
റാതിരിക്കാശ്ശുഭം.

സൃഷ്ടാവേ! ദയതൻനികേതമെ! നൃപൻ ചിത്തിര
ക്ഷജൻമേൽക്കുമേൽ
പുഷ്ടാഭംഭരണംതുടൎന്ന സുതാരാംരാജി
ക്കവാൻ നീ സദാ
ശിഷ്ടന്മാർ നിജവൃത്തികൾക്കുളിയുള്ളാ—
ശിസ്സിലും മേൽത്തരം
സ്പഷ്ടം സദ്വരമേകണേതിരുവടിക്കായു
സ്സക്കുട്ടേണമേ.

## 2.

## ഭക്തൻെറ ചിന്താഗതി.

(പാന)

അക്ഷയശക്തി പൂൎണ്ണഭണ്ഡാരമേ!
പക്ഷമോടിപ്രപഞ്ചം ഭരിപ്പോനേ!
സൎവ്വവസ്തുസമൂഹത്തിലും പാൎത്തു
നിൎവ്വികല്പം വിളങ്ങും മഹേശ്വരാ!
പാമരൻെറയും പണ്ഡിതൻ തൻെറയും
ശ്രമമേറ്റം ഹൃദയത്തിൽ വൎത്തിച്ചു്
നല്ല കാൎയ്യങ്ങൾ തോന്നിച്ചിരുവൎക്കും
തുല്യമായ് തുണച്ചീടും ദയാനിധേ!
രമ്യവസ്തുപ്രകരം ചമച്ചെന്നു-
മിമ്മഹി സ്വൎഗ്ഗമാക്കുന്ന ചിന്മയാ!
കുപ്പമാടത്തിലും മേടതന്നിലു-
മൊപ്പം പാൎത്തവ ശോഭിപ്പിക്കുന്നോനേ!
വേദവിത്തേ! വിജ്ഞാനികൾക്കൂടിയും
നാദമാന്നോൎത്താൽ കണ്ടുകിട്ടാത്തോനേ!
എങ്ങുമുണ്ടെ,ന്നാലൊന്നിലുമില്ലാതെ
തിങ്ങുമത്ഭുതം ലോകൎക്കേകുവോനേ!
സച്ചിദാനന്ദമൂൎത്തേ! ഭവാബ്ധിയേ
സ്വച്ഛന്ദം ഭരിച്ചീടും പരാപരാ!
നിൻതിരുനാമം പാരം പുകഴട്ടേ

ചന്തിയിലിപ്രപഞ്ചമശേഷവും.
താവകമാഹാത്മ്യങ്ങളെ സന്തതം
ഭൂവിതെങ്ങും സരസംപാടീടട്ടേ.
ചിത്രം! ചിത്രം! നിൻപ്രാഭവംഭോ! വിഭോ!
"പത്ര"ത്തിലതു വർണ്ണിപ്പാൻ സാദ്ധ്യമോ?!
വാക്‌സാമർത്ഥ്യമേറുമനന്തനും
തോല്ക്കും താവകമാഹാത്മ്യമോതിയാൽ!
നാമ്പറക്കുടിനന്നായിക്കാണാത്ത
നിന്മഹിമയ്ക്കേററം ന നാതനാ!?
ഭള്ളേറും മർത്ത്യനെള്ളോളമുള്ളത—
ന്നുള്ളുകൊണ്ടു ചിന്തിച്ചിട്ടു കിട്ടാഞ്ഞു്
"ദൈവമില്ലെ"ന്നു ചൊല്ലുന്നു! വിഡ്ഢിത്തം!!
പാവം! ഭോഷനെന്തോന്നറിഞ്ഞു കഥ?!
സാഗരത്തെയൊതുന്യ വള്ളത്തിനാൽ
വേഗം ചേലിൽകടക്കാമെന്നോക്കുവോൻ
എന്തബദ്ധങ്ങൾജല്പിക്കാ? മൂഢത!
"കുന്ത" മുണ്ടാക്കും വസ്തുനീലോകക്കു്!!
ഗംഭീരാബ്ധി, തരംഗനിരകളാൽ
ഡംഭൊടേഭേരികൊട്ടിത്തകർക്കവേ,
ഭാനുമാൻ തങ്കക്കിണ്ണ മുതുകമ്പോൾ
വാനിൽനിന്നു, കിരണങ്ങൾ പായിക്കെ,
വെൺമതിനറും പാൽപ്പുഴ, വററാതെ—
യിമ്മഹിയിലേയ്ക്കൂററിത്തെളിയവേ,
രത്നരാജികണക്കു നക്ഷത്രങ്ങൾ
യത്നഹീനംഗഗനേതിളങ്ങവേ,
സൂനവൃന്ദങ്ങൾ സൗരഭ്യവും തേനും

മാനമോടേ പൊഴിച്ചുപ്രശോഭിക്കെ,
പക്ഷിജാലം സരസഗാനങ്ങളാൽ
പക്ഷമോടേധരയേരസിപ്പിക്കെ,
സൽഫലപൂർണ്ണഗുൽമതരുഗണം
തൃപ്തിനൽകിമഹിയേത്തുണയ്ക്കവേ,
കുഞ്ഞുകുട്ടികൾ കൊഞ്ചിക്കുഴഞ്ഞെന്നും
നെഞ്ചിൽ പീയൂഷംകോരിത്തളിക്കവേ
മാമലകളും സിംഹാദിഭീകരം—
വൻമൃഗങ്ങളും ഭൂവിൽ വിലസവേ
ഏതിന്റേയും പരമ സൃഷ്ടാവായ
താതാ! നീ"യില്ല"യെന്നുനിശ്ശങ്കമായ് -
ഓതാൻ മർത്ത്യന്നു, നിൻസൃഷ്ടിവൃന്ദത്തിൽ
ശ്രീതഴപ്പോനുതോന്നുന്നതത്ഭുതം!!
മായാമോഹിയായ് സംസാരമധ്യത്തിൽ
പോയുംവൃണ്ടുവലയുന്നമാനുഷൻ
വിശ്വനാഥാ! ഭവൽ പ്രഭാവങ്ങളേ
വിശ്വസിപ്പാനും നന്നായ് ഗ്രഹിപ്പാനും
ശക്തനാകുമോ? ഭ്രാന്തുപിടിച്ചോന്റെ
യുക്തിഹീനവചസ്സുകൾ ഗണ്യമോ?
വേദസാഗരപാരം കടന്നവർ,
ഖേദമാന്റം ഭവാനെയറിഞ്ഞവർ,
പുണ്യവാന്മാർ, മഹാത്മാക്കൾ നിൻപ്രഭാ-
പൂർണ്ണസച്ചരിത്രങ്ങളേസ്സന്തതം
പാടിട്ടുന്നു; ജഗത്തൊക്കെയൊഗ്ഗീതം
മോടിയിൽ മുഴങ്ങുന്നുമുണ്ടഞ്ജസാ.
സൂക്ഷ്മദൃക്കുകൾ താവകലീലകൾ

വീക്ഷിച്ചീടുന്നു; സാരംഗ്രഹിക്കുന്നു.
ജാലികനല്ലോ നീ? ലോകഭത്താവേ!
വേല നിന്റേതു വിശ്വനിയന്ത്രണം!!
ജീവികൾ ഞങ്ങൾ സവ്വരും നിന്നുടെ
പാവകൾതന്നെ സംശയമില്ലമേ!!
പിച്ചക്കാരനേ മാത്രകൊണ്ടാദരി—
ച്ചുച്ചപ്രാസാദമേററിസ്സുഖിപ്പിക്ക,
വൻധനികനെത്താഴ്ത്തി ക്ഷണംകൊണ്ടു
നിർദ്ധനനമവലിയാക്കിത്തിണ്ടാടിക്ക,
ബുദ്ധിഹീനനു കാരുണ്യമാന്നുടൻ
ബുദ്ധിയും വിവേകാദിയും നൽകുക,
പണ്ഡിതശ്രേഷ്ഠനേവെറും മൂഢനും
ദണ്ഡ്യനും മഹാനിന്ദ്യനുമാക്കുക,
ദുഷ്ടബുദ്ധിക്കു സദ്വിവേകം നൽകി-
ശ്ശിഷ്ടനാക്കിസ്സുരസം പുലത്തുക,
സൽഗുണശാലിതന്നെയും, കോപിച്ചാൽ
ദുർഗ്ഗുണപൂർണ്ണനാക്കിക്ഷയിപ്പിക്ക,
പൊക്കമേറിയ പവ്വതഭാഗത്തേ
വെക്കംതാഴ്ത്തി മഹാബ്ധിയാക്കീടുക,
കായലിനേദ്രുതം തീരെ വററിച്ചു
ഭീയേകുന്നമരുഭൂമിയാക്കുക,
ഏവമുള്ളനിൻ ലീലകൾ വർണ്ണിപ്പാ—
നാവതല്ല മനുജക്കുദൈവമേ!
ലോകത്തെ മുററും നന്നാക്കാനല്ലാതെ
നീ കരളിൽ നിനയ്ക്കുന്നില്ലെങ്കിലും
അജ്ഞതകൊണ്ടു മർത്ത്യൻ ദുഷിക്കുന്നു!

വിജ്ഞന്മാരതുകണ്ടു തപിക്കുന്നു!!
കന്മഷവ്യാധിബാധിച്ചമാനുഷൻ
നന്മയേത്തിന്മയാക്കി മാററുന്നഹോ!
ചീത്തയായിട്ടനുഭവമുണ്ടായാൽ
മൊത്തം നിന്നിൽ ചുമത്തുന്നു കുററങ്ങൾ!!
താവകനിദേശങ്ങളെത്തെററിക്കാ—
തേവരും ക്രമമായനുഷ്ഠിക്കുകിൽ
ശ്രേയസ്സല്ലാതെ സംഭവിച്ചീടുമോ
ന്യായമായി മ്മനുഷ്യവഗ്ഗത്തിന്ന്?!
ദൈവമേ! തൊഴാം ചിൽക്കാതലേ! തൊഴാം;
കൈവല്യംതരും നായകാ! കൈതൊഴാം.
ഭൂവിൽ നിന്നെ സ്തുതിക്കാത്തമാനവൻ
കേവലം നിന്ദ്യനായിക്ഷയിക്കണം.
അക്കബിംബം മുകുരത്തിലെന്നപോൽ
വിക്രമാബ്ധേ! ഭവാൻെറ തിരുമുഖം
മാമകാശയപ്പൂവിൽതിളങ്ങണം
ത്തുമകൊണ്ടതെൻ ചിത്തംവിളക്കണം.
മർത്ത്യഹൃത്തിന്നു "മത്താപ്പു" പോലവേ
ത്വൽസ്വരൂപം പ്രകാശം വളത്തണം.
ലോകചിന്ത കുറച്ചുനരൻനിത്യം
നാകനാഥാ! ഭവാൻെറ പദാംബുജം
നിത്യം ധ്യാനിച്ചു സൗഖ്യം വരിക്കണം;
പൃത്ഥ്വിസ്വഗ്ഗമായ് മാത്രയിൽ മാറണം.
എൻചെവിയിണതന്നിൽ ഞാനെപ്പൊഴും
നിൻതിരുനാമഘോഷമേ കേൾക്കാവൂ.
എൻനയനപഥത്തിൽ ഞാനെപ്പൊഴും

നിൻെറ ഭക്തരേമാത്രമേ കാണാവൂ.
ദേവദേവാ! ജയിക്ക ജഗൽ പ്രഭോ!
പാവനാശയാ! മംഗളം! മംഗളം!!

## 3.

## കുഞ്ഞുങ്ങൾ.

(കാകളി)

ഭൂലോകദുഃഖങ്ങളാകും തമോരാശി
ചീളെന്നകററിപ്രമോദംവളൎത്തുവാൻ
കാളുന്നതീപോലെ ചിത്തംകരിക്കുന്ന
മാലുകളാകും വിഷംകെടുത്തീടുവാൻ,
വീടായനാടകത്തട്ടിൽസദാകട-
ന്നാടലേററാരോനടനങ്ങൾ കാട്ടുവാൻ,
മാലോകരെ മററുജാലികളിൽ നിന്നു
ചാലേവിടുത്തിസ്വപാൎശ്വത്തിലാക്കുവാൻ,
അച്ഛനമ്മയ്ക്കുമുൾക്കാമ്പിലാമോദ-
മിച്ഛപോലേകി കൃതാൎത്ഥരാക്കീടുവാൻ
ഏതൊന്നുമന്നിൽ പ്രവൎത്തിപ്പൂ? ബാലക-
വ്രാതലീലാമൃതമായതെന്നും ജയഃ

സംസാരവാരിധിതന്നിലേക്കോളുകൾ
ഹിംസ ചെയ്തീടുമെന്നോർത്തുപേടിക്കയാൽ
ഘോരമാംകാനനം പൂകിത്തപസ്സുചെ-
യ്താരെയും കാണാതെവാഴും യതീന്ദ്രനും,
ഇപ്രപഞ്ചക്കളിത്തട്ടിൽ കളിത്തരം
സപ്രമോദം പലമട്ടിൽ ദിവാനിശം
തെല്ലുമിളയ്ക്കാതെ മേന്മേൽനടത്തീട്ടു
മല്ലടിച്ചീടുന്ന ലൗകികഭ്രാന്തനും
ഒന്നുപോൽ സൂക്ഷിച്ചുകണ്ടുരസിക്കുന്ന
സുന്ദരംലീലയബ്ബാലർ തൻ ലീലതാൻ!
പഞ്ചാമൃതം, മധു, പാൽ, വെണ്ണ, മിട്ടായി,
പഞ്ചാരയിവകയൊട്ടൊട്ടശിക്കുകിൽ
ക്ഷിപ്രംമടുത്തുപോ, മർഭകക്കേളിയൊ-
ന്നിപ്പാരിലാർക്കും മതിയാകയില്ലഹോ!
പട്ടിണിയാകിലും ചാരത്തുനന്മണി-
ക്കുട്ടികളുണ്ടെങ്കിലാർക്കും വിശന്നിടാ.
"കുപ്പി"കിട്ടാതെനിവൃത്തിയില്ലാത്തോർക്കു
"കാപ്പിവെള്ളം"കൂടിവേണ്ടെന്നുതോന്നിടും
"അമ്മിഞ്ഞയമ്മിഞ്ഞയമ്മേ! വിശപ്പെനി-
ക്കമ്മൂമ്മ"മിങ്ങനെ പൊന്നോമനക്കുഞ്ഞു
ചെമ്മേവുലമ്പുന്നപൈമ്പാൽപ്പുവമ്പലാ—
ലമ്മയ്ക്കുചിത്തം ദ്രവിച്ചുപോകില്ലയോ?
"അപ്പച്ചീ! 'പാപ്പം' തരേണം, വിശപ്പേറി-
യിപ്പിഞ്ചുകുഞ്ഞിൻ വയറുപൊരിയുന്നു"
തെന്നിതംഗ്ലാനിവളർത്തിക്കിടാവിദം
മാനിച്ചുചൊല്ലവേസ്വാന്തംപിതാവിൻ

കൈവരുമാനന്ദപീയൂഷരാശിയേ
ദേവവൃന്ദംപോലുമേററംകൊതിച്ചിട്ടം!!
കുഞ്ഞുങ്ങളുണ്ടെങ്കി,ലീറനേരം പുല്ല—
മേഞ്ഞുള്ളമാടം മണിമേടയായിട്ടം,
ഇല്ലെങ്കിലോമറിച്ചുന്നതസൗധങ്ങ—
ളുല്ലാസമററുള്ള ചെററപ്പുരകൾ താൻ!!
ചങ്ങാതിമാരുമായൊന്നിച്ചു കേളികൾ
ഭംഗ്യാനടത്തിസ്സുഖിച്ചുവാഴും വിധൗ
കുഞ്ഞുങ്ങൾ മാലാഖമാരല്ലി? കാണ്മോർക്കു
നെഞ്ഞിൽപരലോകമിങ്ങെന്നു തോന്നിട്ടം!!
കണ്ണൻ ചിരട്ടയിൽ മണ്ണുനിറച്ചങ്ങു
തിണ്ണമുയത്തിപ്പിടിച്ചു നിന്നീടവേ
പൂഴിമേനാജ്ഞമായുന്ന പോതുംവിധം
തോഷമോടേ കണ്ടുപൊട്ടിച്ചിരിക്കയും,
തുഷ്ട്യാചിരട്ടയിൽ ചക്കരയുണ്ടാക്കി-
യിട്ടവയാക്കും പകുത്തുകൊട്ടുക്കയും,
മൂലകൾ കണ്ടുപിടിച്ചുവയിൽ ചെന്നു
ചാലേപതുങ്ങി"യൊളിച്ചു കളി"ക്കയും,
പ്ലാവിലകൊണ്ടു നൽതൊപ്പി,യുടുപ്പിവ
സാവധാനം പണിഞ്ഞൊക്കെയുടുക്കയും,
രാജാവു,മന്ത്രിതൊട്ടുള്ളോരുദ്യോഗങ്ങൾ
വ്യാജമായ് "തട്ടിയെടുത്തു" കളിക്കയും,
ചേലെഴും കമ്പുകൾ പൂഴിയിൽപായിച്ചു
കാളപൂട്ടിക്കൊണ്ടു കഷ്കരാകയും,
നല്ലകറി, കഞ്ഞിതൊട്ടവ, പൂഴിയും—
കല്ലുകളുംകൊണ്ടുഭംഗിയായ് വച്ചുടൻ

പന്തിയിൽ തന്നേയിരുത്തി വിളമ്പഃവ
സന്തോഷപൂൎവ്വം വൃഥാ തിന്നിടുകയും
ചെയ്യുന്ന ബാലകലീലാവിധങ്ങളേ
വൎണ്ണ്യേ! ശരിക്കുവിവരിപ്പതിന്നുമേ!!
മണ്ണുംചെളിയുമുടലിൽകലൎന്നു, മാൽ—
ഗണ്യമാക്കാതോടി,യവ്യക്തമായ്സദാ
കൊഞ്ചി,യങ്കംതന്നിലാൎന്നരമിക്കവേ
നെഞ്ചൊപ്പിതാക്കൾക്കചാഞ്ചാട്ടകില്ലയോ?!
മാതാപിതാക്കളേ! നിങ്ങൾക്കെഴും ധന—
വ്രാതത്തിലുത്തമം ബാലരാംവിത്തമാം!
ദുഃഖപരിപൂൎണ്ണമാമിദ്ധരാതലേ
ഭാഗ്യമുള്ളോർ നിങ്ങൾമാത്രം നിനയ്ക്കുകിൽ!
ബാലരേ! ഭൂമിതൻ ഭവ്യസൂനങ്ങളേ!
ശ്രീലരേ! മൎത്ത്യൎക്കുഭാഗ്യദീപങ്ങളേ!
ലോകമിതിൻശുഭഭാവിനിങ്ങൾക്കെഴും
പൂംകരവല്ലികൾ തന്നിൽതിളങ്ങുന്നു!!
നിങ്ങളേയും നിങ്ങൾ കാട്ടുന്നലീലയും
ഭംഗിയോടേ കണ്ടുതൃപ്തരാം ഞങ്ങൾക്കു
മറ്റൊന്നുമില്ലതിൻമീതെയായ് സന്തോഷ—
മേററം ജയിപ്പിൻ, ജയിപ്പിൻ, കിടാങ്ങളേ!

4.

## ഉൽഗതി.

---

പൃഥുദുരിതമഹാൎണ്ണവത്തിലേവം
പരവശരായ് ദിനരാത്രമെണ്ണിയെണ്ണി
മരുവിടുകയിതൊന്നുമാത്രമായാൽ
നരനിഹ ഃവണ്ടതു സൎവ്വമായിതെന്നോ?

കുലമഹിമ, ധനം, മികച്ചതാകും—
നില, വിഭവങ്ങൾ, മിടുക്കിവണ്ണമെല്ലാം
പല പദമുരുവിട്ടഹന്നിശം നാ—
മുലകിൽവസിക്കിൽ വിശിഷ്ടരായിതെന്നോ?

ചലമിഴികൾ പൊഴിച്ചിടും കടാക്ഷ—
പ്പൊലിമയിൽ, മീനുകൾ ചൂണ്ടലിൽകണക്കേ
വലയുകദിനചര്യയാക്കി വാണാൽ
നലമൊടു ജന്മഫലം ലഭിച്ചുവെന്നോ?

"ഇവനരിയവ, നന്യരൊക്കെയോൎത്താ—
ലവശർ, പുഴക്കൾ" മദിച്ചിവണ്ണമെന്നും
"ഭുവനവിജയ" മെന്നൊരൊററ മന്ത്രം
ജവമുരുവിട്ടു നടക്കിലൊക്കെയായോ?

വലിയവരുടെ മുമ്പിൽ "ലേത്തമിട്ടും"
ബലമിയലാത്തവർ തന്നെയാഞ്ഞിടിച്ചും

കലി, തലയിലിയന്നമട്ട ഡംഭം
വിലയൊട്ടരേറി നടക്കിലൊക്കെയായോ?

"ഇവനയരണ്ണ, മന്യരോനംശിച്ചി—
ട്ടവശതയിൽ, കഴൽമാമകം തൊഴേണം"
ദിവസവുമിതി പാർത്തമത്തരായി—
ട്ടവനിയിളക്കകിലൊക്കെയും തികഞ്ഞോ?

"പണമിളയിലെഴുന്നദൈവതം; നാം
പ്രണയമൊടായവനേനമിച്ചിടേണം"
ചുണയൊടിദമുരച്ചുതോന്നിടുംമ—
ട്ടനുദിനമിങ്ങനെവാഴുകിൽ ജയിച്ചോ?

പിഴകളിതുസമസ്ത; മാര്യരേ! നാം
മുഴുകിമഹാന്ധതയാകുമന്ധുതന്നിൽ!!
കുഴയു, മവിടെനിന്നുകേറിടായ്കിൽ;
ത്തുഴയുക, മാമരവേരുടൻ പിടിക്കു.

കളക, കലുഷമായപങ്ക, മോർത്തും—
ക്കളമറ്റു പാവനമാക്കവാൻ ശ്രമിപ്പിൻ;
കളവളരെവളന്നു നാശമാക്കീ!
കളകളമായിലസിച്ചൊരാത്മപത്മം!

ധരയെനരകമാക്കുവാൻ മനുഷ്യ—
പ്പരിഷപണിപ്പെട്ടുമിദ്ദശാന്തരാളേ
ശരണമധികമില്ല, ദൈവതം തൻ—
ചരണസരോരുഹമൊന്നുമാത്രമെന്യേ!

ഭ വികമതുളമീശശക്തി, മുൻപിൽ
കവിയുമതുല്യദയാസമേതമെന്നും
ഛവിയൊടധിവസിക്കെനമ്മൾ കാണാ—
തവികലമാന്ദ്യമിയന്നുഴന്നിടുന്നു!

നിഖിലപതികഥിച്ചിട്ടും സുവാക്യ—
പ്രകര, മതുല്യർ, മതപ്രവർത്തകന്മാർ
സഖരെ, യുരുവിടുന്നതൊട്ടുമുള്ളിൽ
പകരുകയില്ലനമുക്കുകാലദോഷാൽ!!

ജഡമിതുസുരലോകമാണു, തെല്ലൊ—
ന്നുടവതിനേശരുതെന്നുനമ്മളോർപ്പൂ;
സ്ഫുടമതിൽ മരുവുന്നദൈവദൂതൻ—
പടിയൊരുചേതന, നാംഗണിച്ചിടാതെ!!

സുരപുരിയിൽ വസിച്ചിടേണ്ടഭവ്യാ—
ത്തര, മുയിരാംകളകോകിലാഗ്രിമൻ ഹാ!
നരരവരുടെ"ക്കൂട്ടിൽ" വാണു"തല്ലും—
തറ"കളുമേററുവരം കുഴങ്ങിടുന്നു!!

ധരണിയിതു ശരിക്കു ചിന്തചെയ്താൽ
നരകസമാന,മിതിൻ ദൃഷിപ്പുഘോരം!
ചിരമിവിടെയലഞ്ഞിടുന്നതെന്തി—
ന്നരിയസുഖം വരലോകവാസമേകും!!

ചളിനിലമിതിലാമപോലെ തിന്നും,
കുളിയു,മുറക്കവുമൊക്കെമാത്രമായി

“പൊളിയുവ”തൊരുനാളുമൊത്തതല്ല—
ക്കളിർമണിമേടയിലെത്തിവാഴ്കമെച്ച്യം!!

ജഗദധിപനികേതനംമഹത്വം—
തികയുവ,തങ്ങുകടന്നുചെല്ലുവാനും
ശകലമിഹനമുക്കവാഞ്ഛയില്ലാ—
തകമലയുന്നതുപാർക്കിലെത്രചിത്രം!!

ഒരുലവമുപകാരമാര്യരേ! നാം
നിരുപമ,മാത്മസഖിക്കുചെയ്യവേണം;
അരമതിനെ, വരിഷ്ഠപക്ഷിയേ, സ്വർ—
ത്തരുവരശാഖയിലേയ്ക്കുവിട്ടിടേണം.

പുരുമഹിമപുലന്ന“പൈങ്കിളിച്ചാ—
ത്തോ”രുപടിയുണ്ടവിടത്തി;ലീഖഗാഗ്ര്യൻ
സരസമവരൊടൊത്തുകേളിയാടി—
ച്ചിരശിഖരങ്ങളിൽവാണിടട്ടെസൗഖ്യം!!

ഉടവുടനതിമാത്രംചേർത്തഹോ!നമ്മെമുക്കം-
കട“ലിതിന”ടിയോളം ചെന്നുനാംമുട്ടിടാറായ്!!
ഝടിതിയിലുണരേണംനിദ്രവിട്ടുൽഗതിക്കായ്
വടിവൊടുപണിചെയ്‌വിൻകൂറെഴും കൂട്ടുകാരേ!

## 5.
## പുലർകാലം.

("നരനായിങ്ങനെ" എന്ന മട്ട്)

പ്രകൃതിദേവിയാംകമനീയഗാത്രി
വികൃതവസ്തുങ്ങളഖിലവും
പതിവുപോൽ മാററിപ്പുതിയവപേറി—
പ്പുലർകാലത്തിതാവരികയായ്.

കതിരവൻ തങ്കത്തളികപോൽ, തിങ്ങും—
ദ്യുതിയോടേ വാനിൽ സകുതുകം
മതിതെളിവാക്കും നിരമാം ചേത്തുകൊ—
ണ്ടതിമഹിതനായ് വിലസുന്നു.

ഖരകിരണന്റെ പെരിയകൈകൾതൻ-
ഖരതരാതിയാം "മതിമുഖി"
ചിരതരം മർദ്ദിച്ചഖിലം തീർത്തിതാ
സരസനാക്കിനാൾ പുലരിയിൽ!

സകലേശൻ വാനാം മണിനിലംതന്നി—
ലകല്യഷം ചിക്കിത്തെളിയിച്ച
പൂകളെഴും താരാമണികൾ കാലമാം—
വികടൻ കട്ടടൻ മറകയായ്.

സുരഭിലസുമനിരകളിൽ ചെന്നു
വിരവോടേ പുൽകിക്കുളിർവാതം

നരനിരകൾക്കു പരമാനന്ദം ചെ—
ത്തരമിളതന്നിൽ വിലസുന്നു.

കളതരമൃദുമൊഴികളിൽ മഞ്ഞ—
ക്കിളികൾ മർത്ത്യക്കു ഹൃദിബോധം
പളരുമാറീശ മഹിമവർണ്ണിച്ചു
വിളയാടിച്ചെമ്മേ വിലസുന്നു.

കരണമൊക്കെയും വികസിച്ചുലോകം
നിരുപമതുഷ്ടി കരളതിൽ,
തിരകൾ വാരിധി നടുവിലെന്നപോൽ
ത്വരിതം പേറിയിങ്ങുഴറുന്നു.

തനതുകൃത്യങ്ങൾ നിറവേററീടുവാൻ
മനമിളകിപ്പാഞ്ഞെവിടെയും
മനുജസംഹതി നടമാടീടുന്നു;
ഫലനമാകും ശ്രമം തുടരുന്നു.

അതുലമാം സൂരപ്രഭധരയിങ്ക-
ലധികം വ്യാപിച്ചു ചെടികളേ,
സുധതളിച്ചുടൻ മൃതരേയെന്നപോ—
ലധുനാജീവിപ്പിച്ചരുളുന്നു.

ഇത്തുവിധം നാനാരസികതമൂലം
കുതുകം ചേക്കുന്ന പുലർകാലം,
ക്ഷിതിഭരിക്കുമാപ്പരമനാഥന്റെ
പുതുമഹോത്സവക്കളിതന്നേ!!

## 6.

## കടം.

---

“കടം” “കടം” കാലസമാഗമത്തേ
സ്ഫുടംവിളിച്ചോതിനകാൽച്ചിലമ്പ്!
മുടിഞ്ഞുപോയെങ്കിലിളാവിഭാഗം
കടന്നുപോയേനെയുടൻവിസ്മയത്തിൽ!!

വിലങ്ങുതുച്ഛം; മനുജന്റെകണ്ഠം
വലിച്ചിഴയ്ക്കും കയറുംസുസഹ്യം;
ദുരലംഘ്യമാകുംകടമാമിരുമ്പു-
വലയ്ക്കകത്തായവനെത്രശോച്യൻ!

പെരുത്തദുഃഖവ്രജവും, നരക്ക
മരിച്ചുപോയാൽസകലംനശിക്കും;
“അധികംകടം” ഹാ!മരുവും പിശാചായ്,
പുരയ്ക്കകത്തും, സുതഹൃത്തിലും മേൽ!!

കീടങ്ങൾപെററാൽ, പെരുകും ചിലപ്പോൾ
ലക്ഷക്കണക്കായ്; കടമെന്നതള്ള
മിനിട്ടുതോറുംപ്രസവിച്ചിടുന്നു
കോടിക്കണക്കിൽ സുതനാന്യജാലം!

പൈതങ്ങൾവർദ്ധിച്ചുവരുംദശായാം
തായയ്ക്കുമാഹാത്മ്യമുദിക്കുന്നതായം,
കടത്തിനോ ഹാ! മുതലായതള്ള
നിസ്സാര,മേറും പലിശക്കിടാങ്ങൾ!!

വീത്തിങ്കൽനിന്നും വളരുന്നവൃക്ഷം-
മാത്രംകടത്തിന്നുപമാനമാകും,
പക്ഷേനശിക്കും തരു,കല്പകാല-
ത്തോളം"പൊലിക്കും"കട,മിത്രഭേദം!!

രോഗങ്ങൾഹൃത്തിന്നുമുടൽക്കുമുണ്ടാം
മർത്ത്യർക്കപാത്താൽപലജാതിമന്നിൽ,
നിസ്സാരമെല്ലാം, കടമെന്നദീനം—
മാത്രംപൊറുക്കില്ല ചികിത്സചെയ്താൽ!!

ക്രൂട്ടംകഷണ്ടിക്കു,മസൂയയാകും—
ഹൃത്തിൻഗദത്തിന്നുമിഹൗഷധങ്ങൾ
ഇല്ലെന്നുചൊല്ലുണ്ടു, മറന്നിരിക്കാം
കൂട്ടാൻകടത്തെയവയോടുകൂടി!

ജ്ഞാനാഖ്യസർപ്പംപലിശപ്പകിട്ടാം—
വൃത്തൻധ്വജത്തേപ്പ്ഫണമായുയത്തി
നരൻ്റെനേരേകുതികൊണ്ടിടുമ്പോ-
ളായാൾഭയപ്പെട്ടുവിറച്ചിടുന്നു!!

തിരിഞ്ഞുമണ്ടുന്നൊരു സാധുവേയും,
തിരിച്ചുപാഞ്ഞാക്ഖലസർപ്പരാജൻ
കടിച്ചുവീഴ്ത്തും; കലിപോലെ, ബാധി—
ച്ചീടിൽകടം ഹാ! പിടിവിട്ടുപോകാ!!

വസന്തവന്നാൽ, ചില പട്ടണത്തിൽ,
ചിലേടമെല്ലാം തകരാറിലാകും,

കടം ജഗത്തിൽ പിടിപെട്ടിടാത്ത
വർഗ്ഗങ്ങളും നാട്ടുകളും ചുരുക്കം!!

ലക്ഷപ്രഭുക്കൾക്കൊരുകോടിയോളം
സാക്ഷാൽ കടം വന്നു കഴുത്തിലേറാം;
തെണ്ടിക്കഴിപ്പോനുമതേവിധത്തിൽ
"പത്തൻപ"തിന്നുത്തരമോതിടേണം!

ദുഃഖം, ഗദം തൊട്ടിയല്പുന്നതൊന്നും
പക്ഷേ സഭാഗ്യന്നിഹ വന്നുചേരാ;
എന്നാൽ കടം, ഹാ! മൃതി, രണ്ടു കൂട്ടം
മന്നിൽ ജനിച്ചാല്പുളവാം; ദൃഢംതാൻ!!

"ഉണ്ടായിടുന്നൂ ഭുവിനാമൃണത്തിൽ;
തിണ്ടാടി ജീവിപ്പു കടത്തിൽ നമ്മൾ;
വീണ്ടും കടം പൂണ്ടു മരിച്ചിടുന്നു;
കണ്ടിച്ചു മക്കൾക്കഥ നൽകിടുന്നു!"

സ്വത്തല്ല, സന്താനചയങ്ങളല്ല,
വിദ്യാദിനാനാഗുണജാലമല്ല,
മർത്ത്യക്കുഭാഗ്യം; കടമെന്നശല്യം—
തട്ടാതിരുന്നീടുകയൊന്നുതന്നേ!!

മൃഷ്ടാന്നമുണ്ടും, കസവിൽ പൊതിഞ്ഞും,
തങ്കക്കസേരയ്ക്കകമേ കിടന്നും
സുഖിക്കുവോനും, തനതുത്തമർണ്ണൻ—
കൺമുൻപിലായാൽ ശുനകൻ കണക്കായ്!!

മദ്ധ്യം വളൎത്തും മദവും, സുമാംഗീ—
സൗന്ദൎയ്യമേകും പരിതുഷ്ടിതാനും,
സ്വന്തം സുതന്മാർ ബഹുലീലമൂലം
സ്വാന്തത്തിനേകും കുളിരും ക്ഷണത്തിൽ

തട്ടിത്തകൎക്കും കടമെന്നപേരിൽ
നാട്ടിൽ പുകഴ്ന്നോ"രിടിവെട്ടു"കഷ്ടം!
മിന്നൽ കലൎന്നത്തപ്പുറകാൎക്കിയുഗ്രം,
വന്നീവിചാരം, ഹൃദയം കരിക്കും!! (യുഗ്മകം)

സ്വൎഗ്ഗത്തിനൊക്കും മണിമേടയിങ്കൽ
പാൎക്കുന്നവന്നും കടമൊട്ടിരിക്കിൽ
തെല്ലില്ല സൗഖ്യംഹൃദി; ദുൎഗ്ഗതിക്കാ—
മാന്ത്യന്റെചിത്തം വിറകായ്‌ ഭവിക്കും!!

ചങ്ങാതിമാരായ്‌ കഴിയുന്ന രണ്ടു
മനുഷ്യരേയിക്കലി തീണ്ടിയെന്നാൽ
ശത്രുക്കളായ്ത്തീൎന്നു വരത്തുവേഗം
"ഗുസ്തി"ക്കൊരുങ്ങും; തുലയുംക്രമേണ!

വസ്തുക്കളേതും ഭുവികൈമറിഞ്ഞാൽ
കിട്ടും തിരിച്ചാവകലോപമെന്യേ;
കടം കൊടുക്കും മുതലൊന്നുമാത്രം
ഖണ്ഡിച്ചിടാതിങ്ങൊരുമിച്ചുകിട്ടാ!!

"കടം തരില്ലെ"ന്നു ശഠിച്ചുകൊണ്ടാൽ
പരന്നുലിക്കും കരളിൽ പിണക്കം;

നിസ്സാരമാണായതു; നാം കൊട്ടത്താൽ
കിട്ടും വരെയ്ക്കും സുഖമാക്കുമില്ല!!

......

ശ്രദ്ധാവിഹീനം കടമേകിവാഴും
വ്യാപാരി മൂഢൻ, പുഴതിന്നുതീക്കും-
പത്രം കണക്കേ, നിതരാം വശംകെ—
ട്ടാധാരമായ് വീഥിവരിക്കമല്ലോ!!

മർത്ത്യക്കിഹത്തിൽ, കടമാം വപുട്ടീ—
സാഹായ്യമെന്യേ പുലരാൻ പ്രയാസം;
എന്നാൽ പിഴച്ചോരവൻ മച്ചിയായ് താൻ
പാർത്തെങ്കിൽ വീട്ടാൻ കഴിവേറിയേനേ!!

വിശേഷ! പോററീ! ധറിയായിടേണ്ടീ—
ല്ലാസന്നു, ചെയ്യേനൊരപേക്ഷമാത്രം;
തീയെന്യേ നിത്യം മനതാരുനീററം
പേയേ, കടെത്ത, മമ മാററിയാലും!!

## 7
## അസൂയയോട്.

—····⚘····—

(കേക)

എന്നാണോമർത്ത്യോത്ഭവം ധാത്രിയിൽ സംഭൃതമാ--
യ,ന്നാൾ തൊട്ടതിൻനാശക്കോടാലിയായ് ജനിച്ചോൾ
ഓർത്തീടിലസൂയേ! നീ, നിൻവേലത്തരങ്ങളെ
തീർത്തോതാൻ പരുങ്ങീടും പന്നഗപ്രവീരനും!
സാർവ്വഭൗമന്മാർ തൊട്ടു "തൊപ്പിപ്പാളക്കാ"രോളം
ഉർവ്വിയിൽ കാണും ലോകവൃന്ദത്തിലശേഷവും
ഇത്തിൾ നൽതരുക്കളിൽപോലവേ പററിപ്പിടി-
ച്ചത്തല്ലും ചീത്തത്തവും വർദ്ധിപ്പിപ്പോളല്ലേ നീ?
നിൻസഹവാസം ചേർന്നാൽ സ്വച്ഛമാം ഹൃത്തുംമഷി-
പ്പാടിനാൽ കടലാസുപോലവേ പാരം ദുഷ്ടം!
സ്ഫാടികച്ചെപ്പിൽ ചേർന്ന പാഴ്ച്ചെളിക്കൂട്ടേ! പുത്ത—
നാടയിലെലിചെത്ത കീറലേ! പൂപ്പുഴുവേ!
തേനതിൽ വീണോരോടലെണ്ണേ! നിൻസംഗം ഭുവി—
നാനന്ദപീയൂഷത്തേ കാഞ്ഞിരപ്പഴമാക്കും!!
സ്വാർത്ഥതാഹങ്കാരങ്ങളാകുന്ന പിതാക്കളീ—
പൃത്ഥ്വിയിൽ ജനിപ്പിച്ച ദുഷ്ടമൂർത്തിയാം നിന്നെ!
അജ്ഞാനമാകും ധാത്രി ശ്രദ്ധിച്ചുവളർത്തവേ
പുഷ്ടാംഗിയായി ക്രമാൽനീയൊരു യുവതിയായ്!
താരകാസുരൻ പണ്ടു ലോകത്തിന്നാകെച്ചെയ്ത
ഘോരമാംനാശം സാക്ഷാൽ സുബ്രഹ്മണ്യസ്വാമിയും

രാവണപരാക്രമം രാമചന്ദ്രനും തീൎത്താർ;
നീവരുത്തീടും നാശം തീൎക്കുന്നശക്തരില്ല!!
നിനക്കും കഷണ്ടിക്കും മരുന്നില്ലെന്നു ചൊന്ന
മനുഷ്യരാരോ മുന്നമബദ്ധമഭിപ്രായം!
നിസ്സാരം കഷണ്ടിഃ യാരോഗത്തെ മാററാംക്ഷണം
ഹിംസാർഹനിനക്കുതാൻ ചികിത്സയില്ലാത്തതു്!!
ചെന്നായും കടുവായും മററുള്ള ദുഷ്ടമൃഗ—
വൃന്ദവും, സ്വരക്ഷയ്ക്കു മാഹാരാദികൾക്കുമേ
സ്പൎദ്ധിതരാകാറുള്ളൂ; ശ്രേഷ്ഠനാം മനുഷ്യൻഹാ!
ക്രുദ്ധിച്ചുകൊലചെയ്യും തൻ സഹായിയേപ്പോലും!!
സാത്താനുമില്ലസൂയ സ്വന്തം വൎഗ്ഗത്തോ,ടെന്നാൽ
മർത്ത്യനു കൂടുന്നതു ബന്ധുക്കളോടാണിതു്!!
പക്ഷേ, മററുള്ളോൎക്കല്ല, തനിക്കു തന്നേയത്രേ
ശിക്ഷയും നാശങ്ങളും വായ്ക്കുന്നതിതുമൂലം!
"ഓസ്ഥികൾ പഴുത്തെന്നാൽ ദേഹത്തിൻസുഖമെല്ലാ-
മസ്തമിച്ചീടും; ദേഹംവേദനിച്ചെരിയുമ്പോൾ
ഹൃത്തിനു സുഖമുണ്ടോ? സ്പൎദ്ധതാനെല്ലിൻകഴ-
പ്പിത്തരം വിജ്ഞാനിയാം ശലോമോൻ കഥിക്കുന്നു
സ്പൎദ്ധാലു തൻെറ ചിത്തമെച്ചിൽക്കുണ്ടുപോലവേ
നിത്യവും നീചനീചം ദുഷിച്ചു ചമയുന്നു!
അത്രയല്ലതു വെറും പാറപോൽ കഠിനമാ--
യെത്രയും ദുഷ്പ്രാപമായ് സ്ഥിതിചെയ്യുന്നു കഷ്ടം!
ആയവൻ തൻ കണ്ണിണ കനിവിൻ കണംചേരാ
തായതോഷ്മാവാൽ പൊരിഞ്ഞേമ്പേമ്പാ! നില
(കൊൾവൂ!!
തൊണ്ടയോശവക്കുഴി! നാററമായതിങ്കൽ നി—

ന്നുണ്ടാകുംവാക്കോരോന്നുംവചിക്കും വേളകളിൽ
നീയസൂയപ്പിശാചേ! മർത്ത്യരിലാവേശിച്ചു
പേയെത്രയുണ്ടാക്കീട്ടുമവരിൽ ദിവാനിശം!?
മറഞ്ഞും തെളിഞ്ഞുമേപരരിലുള്ളകുററം
പറഞ്ഞുവലുതാക്കിരസിപ്പാൻ നീതാൻ ഹേതു!
ഇല്ലാത്തതെന്നാകിലുമുള്ളപോൽ "തട്ടിമൂളി—
ച്ചു"ല്ലാസമടയുന്നുനിന്മിത്രമായ മർത്ത്യൻ!!
മുക്കാലും "പൊടിപ്പു"വച്ചന്യ[illegible] പറയുന്ന
ഭോഷ്കുകൾ മറവെവിച്ചെക്കുന്നു സ്വർഥദാസൻ!
ഏഷണിക്കൂട്ടിടാതെയുറക്കം വരികില്ല
ഭോഷനാംമർത്ത്യാധമനസൂയാപാത്രമെങ്കിൽ!!
"കണ്ണേജപ"ന്മാരെന്ന"പൊണ്ണ"ന്മാർനിൻബന്ധുക്കൾ
ദണ്ഡമെന്തിതരർക്കുവളത്തുന്നിവർ കഷ്ടം!?
അന്യരേപ്പററിവൃഥാ"വിധി"ക്കുന്നതും പാർത്താ—
ലന്യായക്കാരായീട്ടു"മസൂയകുക്ഷി"കൾതാൻ!
ദുഷ്ടദേവതേ! ഘോരേ! നീയെത്രകുടുംബവും,
രാഷ്ട്രവും, സമൂഹവും നിശ്ശേഷം നശിപ്പിച്ചു!
എത്രയോഗുണികളെദുഷ്ടന്മാരാക്കിത്തീർത്തു!?
മിത്രങ്ങൾതന്നെക്ഷണംശത്രുക്കളാക്കിപാരം!?
സ്വർഗ്ഗംപോലിരുന്നൊരുധാത്രിയെ നരകത്തിൻ—
മാർഗ്ഗത്തിലേയ്ക്കുവാവേതിരിച്ചുദുർഗ്ഗുണാം നീ!
ദേവന്മാർക്കൊപ്പംവാഴുന്നമനുഷ്യഗണങ്ങളെ
ഹാ! വഴിപിഴപ്പിച്ചുനീ പിശാചുക്കളാക്കീ!
എന്തെന്തു"ദുരിത"ങ്ങൾ മൽക്കുലത്തിനുധൂതേത്ത!?
പന്തിയിൽപുരാതൊട്ടുചേർത്തീലനീയൊരുത്തി?
ശത്രുവാംനീമനുഷ്യകുലത്തെസ്സമീപിക്കാ—

തെന്നുമകന്നടൻകടലിലടിഞ്ഞെതങ്കിൽ,
മർത്ത്യർതൻകുലം, പാത്താലവർക്കുവീടാംഭ്രമി,
സത്യമാണിവരണ്ടും മേൽക്കമേലൃയന്നോടന!
പൂതരായിരുന്നൊരുപൂവ്വികന്മാരേപ്പിടി—
ച്ചാതങ്കമവർക്കേകിക്കൂട്ടായിവളൎന്നു നീ
അന്നു,മിന്നു,മെന്നല്ലപാർക്കുകിലെന്നും സുഖി—
ച്ചുന്നതതരംനാശംനരർക്കവരുത്തുന്നു!
"ശ്രൂലഥ"നാംഹാബെലിനേസോദരൻ കായേൻകൊന്നു
ചീത്തയാംനീതുണയ്ക്കനിന്നതുമൂലം സ്വർദ്ധേ!
സന്താനസമ്പന്നയായിരുന്ന"ലീയാ"യോടു
ഹന്താ,തിമാത്രം സ്വർദ്ധജനിച്ചു"റാഹേൽ"നാരി,
യാക്കോബിൻവരഭാര്യ, വാണില്ലേമുന്നം സുഖം—
മുക്കാല്യംനശി,ച്ചൊരു"പിച്ചി"യെന്നതുപോലെ!?
"പൂവ്വ"നാംയൗസേപ്പിനേ,തൻജ്യേഷ്ഠസഹോദരർ
നിവ്വിചാരംഞെരുക്കി, വില്ലകക്രൂടിച്ചെയ്തു!
എന്തിനു? ലോകരക്ഷയ്ക്കൂർവിയിലവതരി-
ച്ചന്തമില്ലാത്തനന്മനരർക്കചേർത്തസാക്ഷാൽ
ശ്രീയേശുക്രിസ്തുവിനേ, ദൈവത്തിൻകുമാരനേ
ധീയേതുമററക്രൂട്ടർ, മനുഷ്യരാക്ഷസന്മാർ,
വല്ലാതെയുപദ്രവിച്ചൊടുവിൽ ക്രൂശിൽ തൂക്കി-
ക്കൊല്ലാനും നിമിത്തമാർ?ദുഷ്ടയാമസൂയേ! നീ!
നിന്നുടെ"താന്തോന്നിത്തം" കൂടുതൽവണ്ണിക്കുവാൻ
തോന്നുന്നി,ല്ലുള്ളമെൻറതപനയും വിറയ്ക്കുന്നു!
നശിക്കദുർഭ്രതമേ! നശിക്കവൻപാതകീ!
നശിക്കക്രൂരിരുട്ടേ! നശിക്കനരകമേ!

൮

# വാത്സല്യവാർദ്ധിയിൽ.

(ഗാഥ)

താനിരുന്നീട്ടുമാത്തിണ്ണയിലെമ്പാടും
പീനപ്രകാശം വിതറിച്ചെമ്മേ
സാക്ഷാൽ രതിയേയും "കൈകടിപ്പിക്കു"ന്ന
സാരസലോചനയേക വാഴ്വൂ!
"തങ്കക്കുട" മൊന്നു കൈയ്യിലുണ്ടായതിൽ
തങ്ങുന്ന കാന്തിച്ചൂടനിതാന്തം
ചന്ദ്രികായ്യൂഷം ചകോരിപോൽ പെണ്മണി
മന്ദം നുകർന്നു രസിച്ചിരിപ്പൂ?
തങ്കച്ചഷകത്തിൽ വൈഡൂര്യമാലപോൽ
തിങ്കൾമുഖിചിത്താനന്ദം തിങ്ങി
ചുംബനമോരോന്നിടയ്ക്കു പതിക്കെ, യ—
ക്കുഞ്ഞിന്റെ യാസ്യത്തിൽ തഞ്ചിടുന്ന
ചെന്താമരപ്പൂവിൻ കോമളിമാവിനെ
ഹന്ത! പായിച്ചിട്ടും മന്ദഹാസം!!
ആയതു കാൺകെയാമാൻമിഴി, നല്ല "ചെ—
ഞ്ചായം" കലർത്തിയ ഗണ്ഡങ്ങളെ
മെല്ലെത്തുടിപ്പിച്ചു സന്തോഷസാഗര—
കല്ലോലമാലയിൽ കേളിചെയ്വൂ!
കാശപ്പൂപോലെ വെളുത്ത തൻ വസ്ത്രങ്ങൾ
ലേശം മടിക്കാതെ തങ്കക്കുട്ടൻ

പൂഴിയും ലാലയും മറവുംപൊഴിച്ചുടൻ
പേയാക്കിട്ടുന്നതിൻശിക്ഷയായോ
പൈതലേമാറോട്ടുചേർത്തുപുണരുന്നു
മാതാവുഗാഢംപലപ്പൊഴും ഹാ!?
ഇത്തൊഴിൽകണ്ടുരുകോപമുദിച്ചിട്ടോ
പുത്രൻനിജമൃദുപാണികളാൽ
അമ്മതൻമാറിടംതല്ലിത്തകക്കയാ-
"യമ്മിഞ്ഞ"തന്നൊട്ടും ക്രൂരെഴാതെ?
തല്ലുന്നകൈതവാൽകുട്ടൻകനിവെന്യേ
നല്ലസുമങ്ങളെറിഞ്ഞീടവേ
പല്ലവകോമളമാമവൻതൻകര—
തല്ലജംതായമുകന്നുമൂറവും!
തന്നെപ്രഹരിച്ചനേരത്തു ബാലൻെറ
സുന്ദരബാഹുതളന്നതോർത്തു്
വ്യാകുലചിത്തയാ, യാനോവുമാറവാ—
നാകുഞ്ചിതാളകപാരമൂർത്തി!
തന്മടിത്തട്ടിങ്കൽ നാടകമാടുന്ന
പൊന്മണിക്കുട്ടനുമൊത്തിവണ്ണം
ലീലകളാടുന്നലോലായതാക്ഷിക്കു
ഭൂലോകം താൻ സ്വർഗ്ഗമെന്നുതോന്നി!
തൻഗൃഹകൃത്യങ്ങൾ വീഴ്ചയിലായതും,
കാന്തൻ തിരിച്ചെത്താറായെന്നതും,
അന്തിയടുത്തുപോയ് തീരെയെന്നുള്ളതും
ചെന്താമരക്കണ്ണിക്കോർമ്മെന്നില്ല!
വാത്സല്യവാർദ്ധിയിൽ നീന്തിക്കളിക്കുന്ന
മാതാവിനന്യവിചാരമുണ്ടോ?!

ഓമന "കണ്മണി" കളള്ളോരു ലാവണ്യ—
സ്തോമംതൻ കണ്ണുകളാൽ നുകന്നും,
ഉന്നതസ്ഥാനഗനാകുംതൻ പുത്രനെ—
ന്നനിമനോരാജ്യരാജ്ഞിയായും,
നാനാവിധം ലോക ദുഃഖങ്ങളല്പവും
താനറിയാതെ, സദാ സുഖിച്ചും
നന്ദനോദ്യാനത്തിൽ രംഭപോലാമഹൽ—
സ്സുന്ദരീരത്നം കഴിച്ചു കാലം!!

*　　　*　　　*　　　*

*　　　*　　　*　　　*

വാദ്ധ്യാർപ്പണിനിർത്തി വീട്ടിൽവന്നെത്തിയ
കാന്തൻെറ കാലൊച്ചയായിരുന്നു
സാദ്ധ്വീമണിയത്തന്റെ "പകല്യറക്ക"ത്തിൽ നി—
ന്നുത്ഥാനം ചെയ്യിച്ചതന്നു പിന്നെ!!
വീഴ്ചയിലായ്ത്തീന്ന വീട്ടുകാര്യം വീണ്ടും
നോക്കുവാൻ സൗകര്യം നൽകുകയാൽ
സമ്മാനമായ്ത്തന്റെ കൈയ്യിലേത്തങ്കത്തേ—
യമ്മാൻ കിശോരമിഴിയാൾവേഗം
പ്രാണനാഥന്നു കൊട്ടത്തിട്ടകത്തേയ്ക്കു
ബാണംപോൽ പോയാൾ കൃതജ്ഞയായി.

൧.

## പരസ്പരസഹായസംഘം.

ഊററം വളൎന്നതടിനീ നിവഹം മഹാബ്ധി—
ക്കേററം ജലം പ്രിയമിയന്നുകൊടുത്തിടുന്നു;
ഏററംവരുന്നളവിലംബുധി, വെള്ളമപ്പോൾ
മാററംവരാതെ നദികൾക്കുകൊടുപ്പുനന്ദ്യാ.

നല്ലോരുവല്ലികൾ മരങ്ങളുമായിണങ്ങി
നല്ലോണമങ്ങനെ മദിച്ചുവളൎന്നിടുന്നു;
ഇല്ലോക്കകിൽ തരുനിരയ്ക്കതിലപ്രിയം ഹാ!
സല്ലോകരേ! തണലുമാഭയുമേകുമല്ലോ!!

ശ്രീ'നിൎമ്മലത്വമിവചേൎന്നസുമങ്ങളേനാം
മാനിച്ചിടുന്നുപലമട്ടു; വനമ്മളേയും
തേനിമ്പമാൎന്ന നവവാസനതൊട്ടുതകി
ഹാ! നിത്യമൻപൊടുതുണച്ചു വരുന്നുതാനും!!

കാർകണ്ടിടുന്നസമയംമയിൽ, പീലിനീട്ടി—
പ്പാകം കടന്നകുതുകാൽ പരമാടിടുന്നു;
നാകത്തിൽനിന്നു മഴവീഴ്ത്തിയുടൻ ഘനങ്ങൾ
കേകിക്കുചേലൊടുകുളിക്കുതരം കൊടുപ്പൂ!

സൂരൻദിനംപ്രതി, നഭസ്സിൽവിളങ്ങിനിൽക്കും
പാരം സുഗോളതതിതന്നെ വിളക്കിടുന്നു;

ആരമ്യസൽഗ്രഹചയം രവിയെ, വരാധി—
കാരംകൊടുത്തു പുരുഭക്തിയൊടാദരിപ്പൂ!

പ്രത്യക്ഷമായിതുവിധം പ്രകൃതിപ്രഭാഢ്യ
നിത്യം പരസ്പരസഹായമുദാഹരിപ്പൂ;
മർത്ത്യക്കു, കണ്ടുവിരവോടു പഠിച്ചുകൊള്ളാൻ
സത്യസ്വരൂപനിവ കാട്ടുകയായിരിക്കാം!

കഷ്ടം! മനുഷ്യ,രൊരു ചിന്തയുമെന്യെ തമ്മിൽ
ദുഷ്ടത്വമോടു "കടിയും പിടിയും" നടത്തി
കഷ്ടപ്പെടുന്നു! ധരദുർഗ്ഗതിയാക്കിടുന്നു!!
നഷ്ടം നമുക്കിതു വരുത്തു; മഃതാപ്തതില്ല!!!

സ്വത്തുള്ളവൻ ബഹുപിശുക്കൊടുകാത്തുവച്ചു
പത്തും സഹസ്രവുമിരട്ടിയതാക്കുവാനായ്
എത്തുന്നമട്ടു പണിനോക്കി വലഞ്ഞിടുന്നു!
സത്തുക്കളീസ്ഥിതിയിലത്തൽ വഹിച്ചിടുന്നു!!

വൈവശ്യമാർന്നു നിമിഷം പ്രതിമാഴ്കിടുന്ന
പാവങ്ങൾ ചെന്നു പടിവാതിലിൽ മുട്ടിയാലും,
ഹാ! വന്നിരന്നു "തലതല്ലി"യലട്ടിയാലും,
ദൈവത്തെയോർത്തുമൊരുകാശു കൊടുക്കുകില്ല!!

കൊററററസാധുനിവഹങ്ങടെജീവരക്ത—
മൂററിക്കുടിച്ചുതടിപോലെവളർന്നക്രൂരർ
ചെററെങ്കിലുംകനിവുനിർദ്ധനരോടു കാട്ടാ—
തേററംമദിച്ചുവരെവീണ്ടുമഹോ!മുടിപ്പൂ!

ഏന്തിന്നപാരമരുളുന്നു? ധരാതലത്തിൽ
പൊന്തിക്കഴിഞ്ഞുദ്ധരിതം! സകലംനശിച്ചു!!
ഉന്തിക്കളഞ്ഞു,ബത! നീതി, സുധമ്മമേവം
കാന്തിപ്പെട്ടുന്നഗുണസഞ്ചയമാക് ഖലന്മാർ!

പാവങ്ങളേ!വരിക,തെല്ലുടനാശ്വസിക്ക,
പൂവെണ്ണിലാവുദയമായി; തമഃസമൂഹം
ഭൂവിങ്കൽനിന്നകുറെയൊക്കെയകന്നു; കാന്തി
തൂവുന്നിതാ"പരസഹായ"വിധുപ്രവീരൻ!

പഞ്ഞംപിടിച്ചവനവൻനിധിയെന്നപോലെ
കുഞ്ഞിന്നുട്ടുടനെയെത്തിയതള്ളപോലെ
മഞ്ഞിൽക്കിടച്ചപുതുകമ്പിളിയെന്നപോലെ
കഞ്ജാക്ഷികണ്ടനവകാമുകനെന്നപോലെ,

വെള്ളത്തിൽ വീണവനു കിട്ടിയ കമ്പുപോലെ
മല്ലാക്ഷിമുത്തളവുദിച്ചൊരുകുട്ടിപോലെ
ചെല്ലക്കിടാവൊരു പരീക്ഷ ജയിച്ചപോലെ
മെല്ലെ"പ്പരസ്പരസഹായ സുസംഘ"മെത്തി
(യുഗ്മകം!!

"ദാരിദ്ര്യവാരിധിയിൽ നീന്തിവലഞ്ഞിടുന്നോ—
രാരിന്നു? നമ്മുടെയടുത്തു വരാത്തതെന്തേ?
പാരിച്ചസങ്കടമഹംസരയം തുരത്താം"
നേരിട്ടിവണ്ണമരുളുന്നു സമാജമെന്നും!

ആശിച്ചിടുന്നതഖിലം വിരവോടു നൽകീ—
ട്ടാശിസ്സു സാധുജനരാശിയിലേററമേററി

കാശിന്നുവേണ്ട വഴിയും പരിചോടു കാട്ടി—
ദ്ദേശത്തിലെങ്ങുമിതു കല്പകമായ് ലസിപ്പൂ!

ദാരിദ്ര്യമാമിരുളകററി നിതാന്തസൗഖ്യം
പാരിൽ പ്രകാശമതിനാൽ സരസം പരത്തി
പൂരിച്ച കീൎത്തിയൊടു നാടുകളിൽപ്പരക്കെ—
പ്പാരം ജ്വലിപ്പു മഹിമാവെഴുമീസ്സദീപം!!

വിദ്വാനു നല്ല വിനയത്തിനു തുല്യമായും,
ശക്തന്നു വൻ ക്ഷമപെടുന്നതിനൊപ്പമായും,
വീട്ടിന്നു ദക്ഷയൊരു നായികപോലെയുംഹാ!
നാട്ടിന്നു ഭൂഷണമഹന്നിശ മീസ്സമാജം!!

പാശ്ചാത്യരാജ്യനിരയേയഭിവൃദ്ധമാക്കി
നൽച്ചാരു കീൎത്തിയവിടത്തെ ജനത്തിനേകി,
മെച്ചത്തിലീമഹിതസംഘമിവക്കു താങ്ങായ്
നിശ്ചഞ്ചലസ്ഥിതിയിൽ നമ്മൊടുകൂടി വാഴ്വൂ!

തന്മക്കളിൽച്ചെറുതുഭേദമെഴാത്ത ദൈവം
നന്മയ്ക്കു നമ്മളെയുമൻപിനൊടർഹരാക്കാൻ
ചെമ്മേസുദൃഢതനിവഹനയിവിടേയ്ക്കുമിപ്പോൾ
സമ്മാനമായ് ദൂതമയച്ചു; വിവാദമില്ല!

നിസ്സാരമായ തുക കാഴ്ചയണച്ചശേഷം
നാം സേവചെയ്കിലലിവേറിയ സംഘദേവൻ
ക്രൂസാതെ വേണ്ട പണവും വിഭവങ്ങളും കൊ-
ണ്ടാസക്തി പൂണ്ടരികിൽ വന്നു തുണച്ചുകൊള്ളും!

ക്ഷാമം വരുന്നളവിലും, ഭവനത്തിലൊന്നും
സാമാനമെന്ന്യെ വിഷമിച്ചുമരുന്നപോതും
ഈ മാന്യസംഘമലിവോടു സഹായമേകും;
സാമാന്യമല്ലിതിനെഴും ഗുണജാലമോർത്താൽ!

പിച്ചച്ചിരട്ടയുമെടുത്തു, വിയർത്തൊലിച്ചു
കച്ചത്തോർത്തു മിയലാ, തൊരു നൂലചുററി
പിച്ചക്കു "നാട്ടുവഴി" തോറുമലഞ്ഞിടുന്നോൻ
പിച്ചല്ല,മാളികയിലേറു മിതിൽ പതിഞ്ഞാൽ

"കാടി"ക്കുകൂടി വകയററിതരന്റെ വീട്ടിൽ—
പ്പാടിക്കരഞ്ഞു കയറുന്നൊ"രിരപ്പ"പോലും
തേടിസ്സമാജമിതിലൊന്നിലണഞ്ഞുവെന്നാൽ
മോടിക്കു "പാൽ പ്രഥമ"നുണ്ടു സുഖം വസിക്കും!

തെണ്ടിത്തിരിഞ്ഞു ധനികന്റെ ഗൃഹത്തിലെത്തി
വണ്ടാറണിക്കുഴലിമാരുടെ"യാട്ടു' മേററു
മണ്ടത്തരത്തൊടു വസിപ്പവനേക്ഷണത്തിൽ
തണ്ടാരിൽമാതു പുണരും പ്രണയത്തൊടേററം!

"ഒന്നും നമുക്കു പണിയില്ല. തൊഴില്ലു വക്രം—
കൂടാതെ വസ്തു, തരുവാനൊരുത്തനില്ല"
എന്നൊക്കെയോർത്തുമുരിയാടിയുമെന്തിനായ് നാം
കഷ്ടപ്പെടുന്നു? വരു "വായ്പ" തരും സമാജം!

വിശ്വാസ,മൻപു, ബഹുയോഗ്യത, സത്യ,മേറും
മര്യാദ, കൃത്യമതിൽ നിഷ്ഠ, മിതസ്വഭാവം,

കാര്യപ്രസക്തി, കണിശം മുതലാം ഗുണങ്ങൾ
നൽകും "പരസ്പര സഹായ സമാജ"മാക്കും!!

ധർമ്മിഷ്ഠനാമിവരൊ മുത്തൊട്ടുസേവചെയ്തു
ശർമ്മംവളർന്നു നിലയൊന്നു പകർന്നുയർന്നു്
ഇമ്മന്നിലെത്രജനമുത്തമരായിവാഴ—
ന്നിമ്മാത്രയിൽ, സുഖനിമഗ്ന, രതീവഭാഗ്യർ!!

നമ്മൾക്കുനന്മചൊരിവാൻ തരമോർത്തുതന്നേ
നിർമ്മായ "മിങ്ങു"മരുവും മഹനീയസംഘേ
ഹേ! മാന്യസോദരരെ! നിങ്ങളമന്നതിന്റെ
നന്മയ്ക്കുനിത്യമവകാശികളായി വാഴ്‌വിൻ!

ലോകത്തിന്റെ വെളിച്ചമേ! സകലതുംക്രൂപ്പ
ന്നസൽ ദേവതേ!
നാകത്തിൻ മഹനീയഭാവമിവിടെ ക്കാട്ടുന്ന
കണ്ണാടി! നീ
ആകമ്രാഭ വഹിച്ചുമാനുഷവയം രക്ഷിച്ചുമേ-
ന്മത്താളു—
ന്നാകല്പം വിജയിക്ക; നിന്നെനിതരാം ദൈ
വം കടാക്ഷിച്ചിടും.

## 10.

## ക്ഷമിക്കുക.

---

(വഞ്ചിപ്പാട്ട്)

ക്ഷമിക്കുക ക്ഷമിക്കുക ക്ഷമിക്കുക സോദരരേ!
ക്ഷമിച്ചുക്ഷീണിച്ചെന്നോട്ടും വ്യാകുലം വേണ്ട.
നന്ദിഹീനന്മാരായുള്ള മർത്ത്യരോടും ദയപര—
മാർന്നുനമ്മൾ ജീവിക്കുക, മേന്മയുണ്ടാകും.
നിൻസ്നേഹത്തെയഗണ്യമായ് തള്ളിയെന്നുവരട്ടേകൻ,
നീതുടർന്നുസ്നേഹിക്കുക, നിന്റെ മാഹാത്മ്യം
ആയവന്റെ കൃതഘ്നതതന്നെക്കാളും വലുതാണെ—
ന്നായവനും മററുള്ളോർക്കും ബോദ്ധ്യമാം പിന്നെ.
ദുഷ്ടന്മാർക്കും നന്ദിയററമർത്ത്യകീടങ്ങൾക്കും കൂടി
ശിഷ്ടനീശൻമാരി, മഞ്ഞിവററനൽകുന്നു.
വിശേശന്റെ നൽക്ഷമയേപുത്രനാംനീയും പഠിക്ക;
വിശ്വസ്തനന്ദനനാകാൻശ്രമിച്ചീടുക.
ഊഴിയിലുംമേൽഭാഗത്തും താഴത്തുംനാം കാണ്മതെല്ലാം
നാഴികതോറും ക്ഷമിപ്പാൻ പഠിപ്പിപ്പതാം.
സോദരാ! നിന്നോടുവൈരം പേറിടുന്നലോകരേയും
സാദരം നീ സ്നേഹിക്കുകമേൽക്കുമേൽനിത്യം.
ദ്രോഹിക്കുന്നസഹജർക്കു നന്മചെയ്ക, ദൈവമെന്നാൽ
സ്നേഹത്തോടേ മോക്ഷരാജ്യേ നിന്നെക്കയററും.
ചിന്തിക്കുക, ഭൂമിദേവി, വെട്ടിയും കിളച്ചും തന്നെ—
സ്സന്താപപ്പെടുത്തിടുന്ന മാനുഷർക്കെല്ലാം

വിവിധധാന്യങ്ങളെന്നും സമ്മാനിച്ചീടുന്നൂലോഹം,
രത്നജാലമിപ്പാരം ക്രൂരോൽകടകുന്നു!
ദേവിയുണ്ടോ കരയുന്നു മർദ്ദനമേൽക്കുമ്പോൾ? തങ്ക—
പ്പുഞ്ചിരിയെ കാണ്മതുള്ള പങ്കജാസ്യത്തിൽ!!
ആഴി, തൻതിരകളാകുമംഗങ്ങളെ മുറിപ്പോക്കു
തോഷാൽ നൽപ്രവാളമല്ലോ കൂലിനൽകുന്നു!!
പനിനീർപ്പൂ,ഞെക്കിടുമ്പോൾ ഹാ! സുഗന്ധം വിതറുന്നു,
സങ്കടപ്പെടുന്ന ചിത്തം പ്രാർത്ഥനപോലെ!!
പിഴിയുമ്പോൾ മുന്തിരിങ്ങാപ്പഴമമ്പിൽ രക്തമൊണ്ണും
കലന്നു, മാധുര്യമേറും വീഞ്ഞു നൽകുന്നു!
ഈ നീരല്ലോ "രക്ഷകന്റെ" ദിവ്യനിണം, മതല്ലയോ
മാനവർക്കു സ്വർധുനിയും പുണ്യതീർത്ഥവും?!
മഹത്താമീപ്പാനീയത്തിൽ നിന്നു സ്നേഹം പഠിക്കുവി—
നഹർന്നിശം "ക്ഷമാമന്ത്രം" ജപിച്ചീടുവിൻ!!

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |

# ഗ്രന്ഥകത്താ
# ഇതര കൃതി

DC Library
*00004191*
T61 M91

1. വെള്ളപ്പൊക്കം. പ്രസിദ്ധമായ 99-ലെ വെള്ളപ്പൊക്കത്തെപ്പററി ഗാഥ, കേക, വഞ്ചിപ്പാട്ടു തുടങ്ങിയ വിവിധരീതികളിൽ രസകരമായി വർണ്ണിച്ചിട്ടുള്ളതും, പല മഹാന്മാരുടേയും പത്രങ്ങളുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു് അർഹമായതും, അഡ്വൊക്കേററ് തോമസ്സ് മാക്കീൽ ബി. ഏ. ബി. എൽ. അവർകളുടെ സരസകോമളമായ പ്രസ്താവനയോടു കൂടിയതും ആയ ഒരു വിശിഷ്ട ഖണ്ഡകൃതി.

2. ഏലിയാന്നിവ്യായും ആഹാബും. കേരളീയകത്തോലിക്ക കോൺഗ്രസ്സിൽ നിന്നു നടത്തിയ സാഹിത്യമത്സരപ്പരീക്ഷയിൽ പ്രഥമസ്ഥാനത്തിന് അർഹമായി കവിക്കു സ്വർണ്ണമെഡൽ സമ്പാദിച്ചുകൊടുത്ത അതിരസകരമായ ഒരു ഖണ്ഡകാവ്യം. മഹാകവികളായ ഉള്ളൂർ, വള്ളത്തോൾ എന്നിവരുടേയും, പണ്ഡിതവരേണ്യനായ ശ്രീമാൻ ഐ. സി. ചാക്കോ അവർകളുടേയും, ഒട്ടുവളരെ പത്രമാസികകളുടേയും അഭിനന്ദനത്തിനു പാത്രമായതു്. പലേ സംസ്കൃതവൃത്തങ്ങളിൽ, വള്ളത്തോളിന്റെ ഭാഷയിൽ "കണ്ണുസുഖത്തെ കൈവളർത്തുന്ന" മട്ടിൽ രചിക്കപ്പെട്ടിട്ടുള്ളതു്. വില അണ രണ്ടു മാത്രം.

മേല്പറഞ്ഞ പുസ്തകങ്ങൾക്കും "സുധാലഹരി"ക്കും ആവശ്യമുള്ളവർ, സെന്റ് ജോർജ്ജ്സ് ഇംഗ്ലീഷ് മിഡിൽ സ്കൂൾ, കൈപ്പുഴ A. O. മാന്നാനം P. O. എന്ന വിലാസത്തിൽ ഗ്രന്ഥകർത്താവിനോടു് എഴുതിച്ചോദിക്കുക.

# സുധാലഹരി.

CANCELLED
T61
M91

വിദ്വാൻ ജോസഫ് മുകളയിൽ.